വളർത്തി പരിപാലിച്ചുവരുന്നു. കൂടാതെ FRLHT (Foundation for the Revitalization of Local Health Tradition) യുടെ ധനസഹായത്തോടെ 1229 ഹെക്ടർ സ്ഥലം "മെഡിസിനൽ പ്ലാന്റ് കൺസർവേഷൻ ഏരിയ" (M.P.C.A) ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. വനപ്രിയ, വനസ്പതി വനം, ഔഷധതോട്ടനിർമ്മാണവും ഔഷധക്കൃഷി രീതിയുടെ വികസനവും എന്നീ പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരിക്കുകയാണ്. വനങ്ങളിലെ അമൂല്യവും അപൂർവ്വവുമായ ഔഷധസസ്യങ്ങൾ കടത്തിക്കൊണ്ടുപോകുന്നത് തടയുന്നതിന് നിലവിലുള്ള വനനിയമം അനുസരിച്ച് കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

5 (*211) **കെ.എസ്.ആർ.ടി.സി. യുടെ ഷോപ്പിംഗ് കോംപ്ലക്സുകൾ**

ശ്രീ. എം.എ. തോമസ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എം. ദാസൻ :
ശ്രീ. എളമരം കരീം :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഏതെല്ലാം സ്ഥലങ്ങളിലാണ് ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇപ്പോൾ എവിടെയെങ്കിലും ഇവ പ്രവർത്തിച്ചു വരുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി. എത്ര കോടി രൂപയാണ് സമാഹരിക്കാൻ പദ്ധതിയിട്ടിട്ടുള്ളത്;

(സി) ഷോപ്പിംഗ് കോംപ്ലക്സിൽ മുറി ആവശ്യമുള്ള വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അഡ്വാൻസ് വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) കോർപ്പറേഷൻ ഇപ്പോൾ മുറികൾ വാടകയ്ക്ക് കൊടുക്കുന്ന രീതി വിശദീകരിക്കുമോ; ഇതിനായി ഇതിനുമുൻപ് ലേലം നടന്നത് എപ്പോഴാണ് എന്ന് വ്യക്തമാക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) കണ്ണൂർ, കാസർഗോഡ്, അങ്കമാലി, പേരൂർക്കട എന്നീ സ്ഥലങ്ങളിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇപ്പോൾ ഷോപ്പിംഗ് കോംപ്ലക്സുകളില്ല.

(ബി) നിർദ്ദിഷ്ട ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണത്തിന് ഷോപ്പുകൾ മുൻകൂട്ടി ലേലം ചെയ്ത് പലിശ രഹിത സെക്യൂരിറ്റിയായി പരമാവധി തുക സമാഹരിക്കുന്നതിനാണ് പദ്ധതിയുള്ളത്.

(സി) ഉണ്ട്. പലിശ രഹിത സെക്യൂരിറ്റി ഡെപ്പോസിറ്റുകളായി.

(ഡി) ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ, പലിശരഹിത ഡെപ്പോസിറ്റിനുവേണ്ടി ലേലം ചെയ്യുകയും കോർപ്പറേഷനിൽ നിശ്ചയിക്കുന്ന മിനിമം സെക്യൂരിറ്റി ഡെപ്പോസിറ്റിന് മുകളിലുള്ള ലേലത്തുകകളിൽ ഏറ്റവും കൂടു

LIBRARY ARCHIVES Kerala Legislative Assembly

തൽ തുക വിളിക്കുന്നയാളിന്റെ പേരിൽ അനുവദിക്കുകയും 3 തുല്യ ഗഡുക്കളായി ടി തുക സമാഹരിക്കുകയുമാണു ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) പുതിയ സ്റ്റാളുകൾ നൽകുന്നത് ടെൻഡർ മുഖേനയാണ്. ലൈസൻസ് കാലാവധി തീരുന്ന മുറയ്ക്ക് 15% ലൈസൻസ് ഫീസ് വർദ്ധനവിൽ ഓരോ വർഷത്തേയ്ക്ക് ലൈസൻസ് നീട്ടിക്കൊടുത്തുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ 29.3.99-ൽ കേരളാ ഹൈക്കോടതി കെ.എസ്.ആർ.ടി.സി. യുടെ എല്ലാ സ്റ്റാളുകളും ഓരോ വർഷത്തേയ്ക്ക് ലേലം ചെയ്തു കൊടുക്കുവാൻ ഉത്തരവായി. 14.4.99-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി മേൽപ്പറഞ്ഞ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയാണ്.

6 (*212) വന്യമൃഗ സങ്കേതങ്ങൾ വികസിപ്പിക്കാൻ നടപടി

ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാഷണൽ പാർക്കുകളും വന്യമൃഗസങ്കേതങ്ങളും വികസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) നാഷണൽ പാർക്കുകളുടെയും വന്യമൃഗസങ്കേതങ്ങളുടെയും വികസനത്തിന് 1998-99-ൽ എന്തു തുക ചെലവായിട്ടുണ്ട്;

(ഡി) ഇതിൽ കേന്ദ്രവിഹിതമായി എന്തുതുക ലഭിച്ചിട്ടുണ്ട്;

(ഇ) 1999-2000 വർഷത്തേയ്ക്ക് ഇതിനുവേണ്ടി എന്തു തുക നീക്കിവച്ചിട്ടുണ്ട്;

(എഫ്) നാഷണൽ പാർക്കുകളിലും വന്യമൃഗസങ്കേതങ്ങളിലും കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് 'കണ്ടക്ടഡ് ടൂർ' നടത്തുന്നതിന് പദ്ധതി തയ്യാറാക്കുമോ;

(ജി) ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് കോട്ടേജുകളും ഡോർമറ്ററികളും സ്ഥാപിക്കുമോ;

(എച്ച്) നാഷണൽ പാർക്കുകളേയും വന്യമൃഗ സങ്കേതങ്ങളെയും സംബന്ധിച്ച് വിവരങ്ങൾ അടങ്ങുന്ന ലഘുലേഖകൾ അച്ചടിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) ഉണ്ട്.

(ബി) വന്യമൃഗ സങ്കേതങ്ങളുടെ ആവാസവ്യവസ്ഥ പരിരക്ഷിക്കുക, വന്യമൃഗവേട്ട തടയുക, സംരക്ഷണ സംവിധാനം ശക്തമാക്കുക, ഗവേഷണ പഠനങ്ങൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുക തുടങ്ങിയ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതിയ്ക്ക് രൂപം കൊടുത്തിട്ടു

LIBRARY ARCHIVES Kerala Legislative Assembly